(സി) കോർപ്പറേഷൻ താൽക്കാലിക സേവനത്തിൽ 8 വർഷം പൂർത്തിയാക്കിയവരെയാണ് സ്ഥിര നിയമനത്തിന് പരിഗണിച്ചത്. 1-9-2008-ന് മുൻപ് 120 ഡ്യൂട്ടികൾ തികച്ച എട്ട് സേവന വർഷം പൂർത്തിയാക്കിയവരെയാണ് പരിഗണിക്കുന്നത്. കൂടാതെ ഇവർ 1-9-2008-ൽ കോർപ്പറേഷൻ റോളിൽ ഉണ്ടായിരിക്കണം.

(ഡി) അംഗീകൃത യൂണിയനുകൾ കൂടി സമ്മതിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് എട്ടുവർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയവരെ മാത്രമാണ് സ്ഥിരപ്പെടുത്തലിന് നിർദ്ദേശിക്കപ്പെട്ട പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനർഹർ പ്രസ്തുത പട്ടികയിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അന്വേഷണം നടത്തി സത്യമെന്നു തെളിഞ്ഞാൽ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്. അനർഹ നിയമനം സ്വന്തമാക്കിയവരെ നിയമനത്തിന്റെ ഏത് ഘട്ടത്തിലും കോർപ്പറേഷന് നീക്കം ചെയ്യാവുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ലാഭത്തിലാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻ ബാദ്ധ്യതകൾ തീർക്കുന്നതിനു വേണ്ടി എടുത്ത കടത്തിന്റെ തിരിച്ചടവ്, പലിശ എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ നഷ്ടത്തിലാണ്.

എം.പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ

165 (762) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ 8 വർഷവും അതിനുമുകളിലും ജോലി ചെയ്തുവരുന്ന എംപ്ലോയ്മെന്റ് എം. പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിയമനത്തിനർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഏതെല്ലാം മാനദണ്ഡങ്ങൾ അവലംബിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ വ്യവസ്ഥകൾ പ്രകാരം 8 വർഷത്തെ താൽക്കാലിക സേവനം പൂർത്തിയാക്കിയ മെക്കാനിക്ക്, ഡ്രൈവർ, കണ്ടക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവുപ്രകാരം തടഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ് :

1. 1-9-2008-ൽ കെ.എസ്.ആർ.ടി.സി.-യുടെ റോളിൽ ഉണ്ടായിരിക്കണം.
2. അതിനുമുൻപ് പ്രതിവർഷം 120 ഡ്യൂട്ടി തികച്ചുള്ള 8 സജീവ സേവന വർഷം ഉണ്ടായിരിക്കണം.
3. ഇപ്പോഴും റോളിൽ തുടരുന്നവരായിരിക്കണം.

കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ

166 (763) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ എത്ര ഡ്രൈവർമാരുടെ കുറവ് ഇന്നനുഭവിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) മെക്കാനിക്കുകളുടെ എത്ര ഒഴിവു നിലവിലുണ്ട് .എന്ന് വെളിപ്പെടുത്തുമോ ;

(സി) മെക്കാനിക്കൽ എ.ഡി. മാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മേൽ ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ചെയ്തത് ;

(ഇ) റിപ്പോർട്ട് ചെയ്ത് നാളുകൾ കഴിഞ്ഞിട്ടും ഉദ്യോഗാർത്ഥികളെ കിട്ടാത്തതുമൂലം കെ. എസ്. ആർ. ടി. സി-ക്കുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്താൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിലവിൽ 1124 ഡ്രൈവർമാരുടെ കുറവുണ്ട്.

(ബി) 473 ഒഴിവുകൾ.

(സി) എ.ഡി.ഇ. മാരുടെ 30 ഒഴിവുകൾ.

(ഡി) ഉണ്ട്. 3-5-2010-ലെ RIB (2) 8466/10/GW പ്രകാരം അഡ്വൈസ് ചെയ്യപ്പെട്ട 2216 പേരിൽനിന്നും നിയമനം നടത്തിയത് കഴിച്ചുള്ള 446 എൻ.ജെ.ഡി. ഒഴിവുകൾ 11-11-2010-ലും 3-2011-ൽ പ്രതീക്ഷിക്കുന്ന 27 ഒഴിവുകൾ 4-10-2010-ലും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. എ.ഡി.ഇ തസ്തികയിലെ 14 ഒഴിവുകൾ 17-8-2006-ലും 16 ഒഴിവുകൾ 4-6-2007-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 13-2-2009 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 26/09 ട്രാൻ. പ്രകാരം അംഗീകരിക്കപ്പെട്ട 2008 സേവന വേതന കരാറിന്റെ XLVI-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതിൻ പ്രകാരം (1-9-2008-ൽ

LIBRARY ARCHIVES Kerala Legislative Assembly